CS (MAIN) Exam:2016

M-ESC-D-MLY

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## (സാഹിത്യം) / ( LITERATURE )

സമയം : **മൂന്ന്** മണിക്കൂർ
*Time Allowed :* ***Three*** *Hours*

പരമാവധി മാർക്ക് : **250**
*Maximum Marks :* ***250***

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ്.

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്. ശേഷിക്കുന്ന **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ**ത്തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ട് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### QUESTION PAPER SPECIFIC INSTRUCTIONS

***Please read each of the following instructions carefully before attempting questions :***

*There are* ***EIGHT*** *questions divided in* ***TWO SECTIONS****.*

*Candidate has to attempt* ***FIVE*** *questions in all.*

*Questions no.* ***1*** *and* ***5*** *are compulsory and out of the remaining, any* ***THREE*** *are to be attempted choosing at least* ***ONE*** *from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in* ***MALAYALAM****.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

## SECTION A

**Q1.** **സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത് :** *10×5=50*

(a) ഊനമറ്റെഴുമി രാമചരിതത്തിലൊരു തെ-
ല്ലൂഴിയിൽ ചെറിയവർക്കറിയുമാറുരചെയ്‌വാൻ
നാനുടക്കിനതിനേണ നയനേ, നടമിടെൻ
നാവിലിച്ചയൊടു വച്ചടിയിണക്കമലതാർ. *10*

(b) "കാളംപോലേ കുസുമധനുഷോ ഹന്ത ! പൂങ്കോഴി കൂകീ
ചോളംപോലേ ചെതറി വിളറീ താരകാണാം നികായം
താളംപോലേ പുലരിവനിതയ്ക്കാഗതൗ ചന്ദ്രസൂര്യൗ
നാളംപോലേ നളിനകുഹരാദുദ്ഗതാ ഭൃംഗരാജിഃ" *10*

(c) "പൊടിയോ മറ്റോ വീണോ കണ്ണി ? ... ലിന്നെന്താ വെള്ളം
പൊടിയാൻ ? ചൂൽ കാണിച്ചിട്ടേറെനാളായീ മച്ചിൽ." *10*

(d) ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോക രഹസ്യമാർക്കുമേ. *10*

(e) ഇത്തിരിപ്പോന്നൊരു വെൺകുളിർ
കല്ലേറ്റ് ഭിത്തി പൊടിഞ്ഞു തകരുന്ന മാത്രയിൽ
കണ്ണാടി മാളികയിൽ ഉറങ്ങിക്കിട-
ക്കുന്നോരുണ്ണിപോൽ ഞാനൊന്നു ഞെട്ടിത്തരിച്ചുപോയ്. *10*

**Q2.** (a) ഭാഷയെ നിജപ്പെടുത്തുന്നതിൽ നിരണം കൃതികൾ നൽകിയ സംഭാവനകൾ 'കണ്ണശ്ശരാമായണം' ബാലകാണ്ഡത്തെ ആസ്പദമാക്കി ചർച്ചചെയ്യുക. *20*

(b) ഒരു സാഹിത്യപ്രസ്ഥാനമെന്ന നിലയിൽ കിളിപ്പാട്ടിന്റെ വളർച്ചയിൽ എഴുത്തച്ഛന്റെ 'മഹാഭാരത'ത്തിന്റെ സ്ഥാനം 'ഭീഷ്മപർവ്വ'ത്തെ അടിസ്ഥാനമാക്കി ചർച്ചചെയ്യുക. *15*

(c) 'ഉണ്ണുനീലി സന്ദേശ'ത്തിന്റെ ആസ്വാദ്യതയ്ക്കു് അടിസ്ഥാനം അതിലെ അലങ്കാര കല്പനകളാണു്. ചർച്ചചെയ്യുക. *15*

**Q3.** (a) നാടകീയ സ്വഗതാഖ്യാനം എന്ന നിലയിൽ 'ചിന്താവിഷ്ടയായ സീത' എന്ന കൃതിയ്ക്കു് ഒരു ആസ്വാദനം തയ്യാറാക്കുക. *20*

(b) 'തീവണ്ടിയിലെ പാട്ടു്' എന്ന കവിതയുടെ സാംസ്കാരിക പശ്ചാത്തലം വിവരിക്കുക. *15*

(c) ഇന്നും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരുജ്ജ്വല നാടകീയ ഭാവകാവ്യമാണു് 'കുടിയൊഴിക്കൽ'. ചർച്ചചെയ്യുക. *15*

**Q4.** (a) "കുരുക്ഷേത്രം എന്ന ആദിരൂപത്തിലേക്കു് കാലികപ്രശ്നങ്ങൾ ഉൾക്കൊള്ളിക്കാനുള്ള ശ്രമത്തിൽ കവിത പൊയ്പോയി" എന്ന വാദം സ്വീകാര്യമാണോ ? പരിശോധിക്കുക. *20*

(b) "വനനശീകരണംകൊണ്ടുള്ള പ്രാദേശികദുരന്തത്തിന്റെ ചിത്രം മാത്രമല്ല, മനുഷ്യവർഗ്ഗത്തിന്റെ പരമവിനാശത്തിന്റെ ചിത്രം കൂടിയാണ് 'ഭൂമിക്കൊരു ചരമഗീതം'." ചർച്ചചെയ്യുക. *15*

(c) 'മേഘരൂപൻ'എന്ന കവിതയിൽ പി. കുഞ്ഞിരാമൻ നായരുടെ വ്യക്തിത്വം അനാവൃതമാകുന്നുണ്ടോ ? നിരീക്ഷിക്കുക. *15*

## SECTION B

**Q5. താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത്:** *10×5=50*

(a) "ശൈലീവിശേഷതകളാണു് 'ഖസാക്കിന്റെ ഇതിഹാസ'ത്തെ ശ്രദ്ധേയമാക്കുന്നതു്." നിരൂപിക്കുക. *10*

(b) കറുത്തമ്മയുടെ വ്യക്തിത്വം വേണ്ടവിധത്തിൽ പ്രകടമാക്കാൻ തകഴി ശ്രമിച്ചിട്ടില്ല എന്ന ആരോപണത്തിൽ കഴമ്പുണ്ടോ ? വ്യക്തമാക്കുക. *10*

(c) 'ഇന്ദുലേഖ'യിലൂടെ സാമൂഹിക പരിഷ്കാരങ്ങൾക്കു് ബീജാവാപം ചെയ്തു ചന്തുമേനോൻ. പരിശോധിക്കുക. *10*

(d) മഹാഭാരതകഥയിലെ അസാമാന്യ തേജസ്വിയായി മാരാർ കർണ്ണനെ അവരോധിച്ചതിലെ യുക്തി എന്തു് ? *10*

(e) നാടക നിഷേധപരമായ നാടകമാണു് സി.ജെ. തോമസ്സിന്റെ '1128-ൽ ക്രൈം 27'. പരിശോധിക്കുക. *10*

**Q6.** (a) മലയാള നോവൽ സാഹിത്യ ചരിത്രത്തിൽ ഇന്ദുലേഖയ്ക്കുള്ള സ്ഥാനം അടയാളപ്പെടുത്തുക. *20*

(b) "ഒരു സംഘമെന്ന നിലയിൽ മുക്കുവരുടെ ദൈനംദിന പ്രവർത്തനങ്ങൾ സജീവമായി ചിത്രീകരിക്കുന്നതിൽ തകഴി അസൂയാർഹമായ വിജയം നേടിയിട്ടുണ്ടു്." നിരൂപിക്കുക. *15*

(c) "രവിയുടെ പാപം അയാളുടെ ദൗർബല്യമാണ്, അതിന്റെ ഏറ്റുപറയൽ അയാളുടെ പ്രാർത്ഥനയും." 'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ നായകനെക്കുറിച്ചുള്ള ഈ പ്രസ്താവം വിലയിരുത്തുക. *15*

**Q7.** (a) “മരിക്കുന്നവനെ സംബന്ധിച്ചിടത്തോളം മരണം ഒരു ഫലിതമാണെന്നും മറ്റുള്ളവർക്കു് അത് പലതരം അനുഭവങ്ങളായേക്കാമെന്നും വ്യക്തമാക്കിത്തരുന്ന ഒരു നാടകമാണ് ‘1128-ൽ ക്രൈം 27’.” നിരൂപിക്കുക. *20*

(b) കഥയുടെ അന്തരീക്ഷ സൃഷ്ടിയിൽ എം.ടി. പുലർത്തുന്ന സൂക്ഷ്മത ‘വാനപ്രസ്ഥം’ എന്ന കഥയിൽ എങ്ങനെ വെളിപ്പെടുന്നു ? വിശദമാക്കുക. *15*

(c) കഥാപാത്രാവിഷ്കരണത്തിലും അന്തരീക്ഷചിത്രീകരണത്തിലും ഏറെ ശ്രദ്ധിക്കുന്ന ഒരു ചെറുകഥാകൃത്താണ് എൻ.എസ്. മാധവൻ എന്ന് ‘ഹിഗ്വിറ്റ’യിലെ കഥകളെ അടിസ്ഥാനമാക്കി പറയാമോ ? പരിശോധിക്കുക. *15*

**Q8.** (a) ‘ഭാരത പര്യടനത്തിലെ ഭീഷ്മരുടെ ധർമ്മനിശ്ചയം’ എന്ന അദ്ധ്യായത്തിൽ മനുഷ്യന്റെ ധർമ്മസങ്കടങ്ങളാണു് മാരാർ വിശദീകരിക്കുന്നത്. ചർച്ചചെയ്യുക. *20*

(b) “രാമൻ ചെയ്തതു് ഗുരുനിന്ദയാണു്. ഉമിത്തീയിൽ ദഹിച്ചാലും തീരാത്ത പാപകർമ്മമാണതു്.” ‘കണ്ണീരും കിനാവും’ എന്ന കൃതിയിൽ പരാമൃഷ്ടമാകുന്ന ആ ഗുരുനിന്ദയെന്ത് ? *15*

(c) ‘ചങ്ങമ്പുഴ കൃഷ്ണപിള്ള നക്ഷത്രങ്ങളുടെ സ്നേഹഭാജനം’ എന്ന ഗ്രന്ഥ നാമം ആ കൃതിക്കു് അന്വർത്ഥമാണോ എന്ന് പരിശോധിക്കുക. *15*